# ഒരു കൂടിക്കാഴ്ച

കണ്ണുതുറക്കുമ്പോൾ മറിയമ്മ എന്ന വെള്ളത്തൊപ്പി ചൂടിയ നേഴ്സാണ് മുന്നിൽ. അമ്പരപ്പും അദ്ഭുതവും നിറഞ്ഞ കണ്ണുകൾ വിടർത്തി അവർ അന്തംവിട്ടുനിന്നു. ഞാൻ അതൊരു തെളിവായി എടുത്തു. സ്വർഗത്തിലായാലുംനരകത്തിലായാലും നേഴ്സിന്റെആവശ്യമില്ല.

അപ്പോൾഞാൻഭൂമിയിലായിരിക്കണം.

അതെ. ഭൂമിയിൽത്തന്നെയാണ്ഞാൻ.

അമ്പരപ്പ് കണ്ണുകളിൽ ഇറുക്കിപ്പിടിച്ച മറിയമ്മ പുറത്തേക്കോടി. ഡോക്ടർ... ഡോക്ടർ...അവർ കൂവി വിളിച്ചു. ''പേഷ്യൻറിന്ജീവൻവന്നു!''

പേഷ്യന്റ്എന്നുവച്ചാൽഞാൻ.

മറിയമ്മയുടെ ശബ്ദം വാതിലിനപ്പുറത്ത് പതുക്കെപ്പതുക്കെ നേർത്തു. മയക്കത്തിനും ഓർമ്മയ്ക്കും ഇടയിൽചുമരുകൾക്കാകെ പച്ചനിറം കൈവരുന്ന ലോലമായ ആ ഇടവേളയിലേക്ക്ഞാൻവീണ്ടും തെന്നി.

ദൈവമായിരുന്നു മുന്നിൽ.

ഉലഞ്ഞുമുഷിഞ്ഞ മേലങ്കി. ഉന്മേഷമില്ലാത്ത മുഖം.

''ഞാനിതാഎത്തിയിരിക്കുന്നു.'' ഒരല്പം വിജയഭേരിയോടെ ഞാൻ പറഞ്ഞു: ''അങ്ങയെപ്പറ്റി പലതവണ കേട്ടിട്ടുണ്ട്. നേരിട്ടൊന്നുകാണാമല്ലോഎന്നുകരുതി. പലതും ചോദിക്കാനുണ്ട്.''

ദൈവത്തിന്റെ മുഖത്ത് ഒരു ചളിപ്പ് പടർന്നു. 'ചോദിക്കൂ.'' വലിയമേലങ്കി ഒതുക്കിപ്പിടിച്ച് മുന്നിലുള്ള ചെറിയപീഠത്തിലിരിക്കെദൈവംപറഞ്ഞു;''ഞാൻഹാജരാണ്.''

മുഷിഞ്ഞ മേലങ്കിയുംക്ഷീണിച്ച മുഖവും. ദൈവത്തെഞാൻപ്രതീക്ഷിച്ചത്ഇങ്ങനെയായിരുന്നില്ല.

''എന്തേ...ഒട്ടും ഉന്മേഷമില്ലെ' ഞാൻ ചോദിച്ചു. ''എന്തേ പറ്റിയത് ?'' ദൈവം താഴേക്കുനോക്കി. മ്ലാനനായിരുന്നുഅദ്ദേഹംഎന്നുപറയാതെവയ്യ.

''ചോദിക്കൂ'' ദൈവം പറഞ്ഞു.

ദൈവത്തിന്റെ മുഖത്തെ മടുപ്പ് തികഞ്ഞ അസ്വാസ്ഥ്യത്തോടെയാണ് ഞാൻ കണ്ടത്. ഇവിടെയും മടുപ്പോ? ദൈവത്തിനും മടുപ്പോ?

''മടുത്തോ''ഞാൻചോദിച്ചു: ''ചോദ്യങ്ങളോ ഉത്തരങ്ങളോ മടുത്തത്?''

ചോദിക്കൂ.''ദൈവം പറഞ്ഞു. ''ചോദ്യം ചോദിക്കൂ.''

ഞാൻ ചോദിക്കുകയാണ്.''

''രണ്ടും''ദൈവം.

''സുഖമല്ലേഅങ്ങേക്ക്?''

''സുഖം ? എന്താണത്? എനിക്കെന്നും ഈ ഒരൊറ്റ ഭാവമേഅറിയൂ.''

''ജീവിതത്തോക്കാൾകഷ്ടമാണോഅപ്പോൾസ്വർഗം?''

എന്റെശബ്ദത്തിൽപരിഭ്രമംപുരളുന്നത്ഞാനറിഞ്ഞു.

''എന്താണത്?''

എനിക്ക് സാമാന്യം മുഷിഞ്ഞു. ദൈവത്തെ ജ്ഞാനിയാക്കാനൊന്നും വന്നതായിരുന്നില്ല ഞാൻ. ഭൂമിയിലെ മടുപ്പ് മടുത്തിട്ടാണ്ഈയാത്രതന്നെഇവിടെഅതിൽപ്പരംഎന്നായാലോ.

''പോട്ടെ.എനിക്കെന്താണ്ശിക്ഷ?''

''എന്തിന്?''

''അങ്ങയുടെഅനുവാദമില്ലാതെ,ആജ്ഞധിക്കരിച്ചാണല്ലോഞാനീപ്പോക്ക് പോന്നത്.''

ദൈവംആദ്യമായിചിരിച്ചു.

''ദൈവം എങ്ങനെയാണ് ശിക്ഷിക്കുക ? മാപ്പു കൊടുക്കലല്ലേ ദൈവത്തിന്റെ ജോലി. ഭൂമിയിൽ എല്ലാവർക്കുംഅതറിയാലോ.''

''അപ്പോൾനരകം?''

''എനിക്കങ്ങനെയൊന്ന് ആലോചിക്കാൻപോലും പാടില്ല. നന്മ മാത്രമേ എനിക്ക് ചിന്തിക്കാൂ. എന്റെ ചിന്തയിൽപോലും നരകംപാടില്ല.''

''അവിടെആരാണ്?''

''അറിയില്ല.''

ഓ ! ഒരു നല്ലപിള്ള! ഞാൻ സ്വയം പറഞ്ഞു: ''ഭൂമിയിൽ സംഗതി ഭേദമായിരുന്നു. എല്ലാറ്റിനും ചില ചിട്ടവട്ടങ്ങൾ ഉണ്ട്. അതനുസരിക്കുന്നിടത്തോളം കാലം കാര്യം കുശാലാണുതാനും. നരകത്തെപ്പറ്റിയും അങ്ങയെക്കുറിച്ചും കേട്ടിട്ടുള്ളതുപോലെഞാൻകേട്ടിട്ടുണ്ട്.''

''ഞാൻ കേട്ടിട്ടുപോലുമില്ല.''

''കേൾപ്പിക്കട്ടെ?''

''അയ്യോ. പാടില്ല.'' ദൈവം പറഞ്ഞു. ''എനിക്ക് നന്മയേ ചിന്തിക്കാവൂ. കേൾക്കാവൂ. അതുമാത്രമേ എനിക്ക്വിധിച്ചിട്ടുള്ളൂ.''

''ഓഹോ?''എനിക്ക് ശരിക്കും ദേഷ്യം വന്നു. ''എന്നിട്ട് ഭൂമിയിലേക്ക് തിന്മയുടെഎത്രയോ മൂർത്തികളെ പടച്ചുവിടുന്നുണ്ടല്ലോ.''

''അത് ഞാൻ ചെയ്യുന്നതല്ല.''ദൈവം കൈ വീണ്ടും വീണ്ടും മേലങ്കിയിൽ തുടച്ച് ക്ഷമാപണത്തോടെ പറഞ്ഞു. ''അത് മറ്റവനാണത്രേ. എന്റെഎതിരാളി.''

''അങ്ങേക്കൊരെതിരാളിയോ ! മാനംമര്യാദയില്ലാത്ത വർത്തമാനം പറയരുത്. സൃഷ്ടികർത്താവ് അങ്ങ് മാത്രമല്ല ? അതല്ലേഇത്രയുംകാലംഅങ്ങ്പറഞ്ഞുനടന്നത്?''

''സൃഷ്ടി കഴിഞ്ഞാലാണ്അവന്റെപണിയത്രെ.''

''എങ്കിൽ ഒരൊറ്റ കൈ ഞൊടിച്ച് അവനെ അങ്ങേക്കില്ലാതാക്കിക്കൂടെ ദൈവമേ ? എല്ലാറ്റിനും കഴിവുള്ളവനല്ലേഅങ്ങ്? എല്ലാവരുംഅതല്ലേപറയുന്നത്?''

''എങ്ങനെ?'' ദൈവം പീഠത്തിൽനിന്നും ഒരാവേഗത്തോടെ എഴുന്നേറ്റുനിന്നു. ''അവനെക്കുറിച്ചൊന്നും എനിക്കറിയില്ല. അറിയാൻ പാടില്ല. അറിഞ്ഞാൽത്തന്നെ തിന്മയെക്കുറിച്ച് ആലോചിച്ചുകൂടാ...നശിപ്പിക്കൽഎന്റെദൗത്യവുമല്ല.''

നിയന്ത്രണം വിട്ടുപോയോ എന്ന ആശങ്കയിൽ ധൃതിയിൽ പീഠത്തിലേക്ക് തന്നെ മടങ്ങിയ ദൈവത്തെ നോക്കിയപ്പോൾ എനിക്ക് കഷ്ടം തോന്നി. ഈ വൈദത്തോടാണ് ഞാൻ എന്റെ ശത്രുക്കളെ നശിപ്പിക്കണമെന്നും എന്നെ കഷ്ടപ്പെടുത്തുന്നവരെ ശിക്ഷിക്കണമെന്നും തിന്മയെ നശിപ്പിക്കണമെന്നും ഒക്കെ പ്രാർത്ഥിക്കാറ് !

''അങ്ങയോട് പലതും പ്രാർത്ഥിക്കുന്നവരെ അങ്ങെന്തുപറഞ്ഞാണ്അനുഗ്രഹിക്കുക ?''

''ആരേയും അനുഗ്രഹിക്കാറില്ല. നിഗ്രഹിക്കാറുമില്ല. എല്ലാവരുംഎനിക്ക്സമാസമം..''

പാപികളെ...?

''ഞാൻകാണാൻപാടില്ലല്ലോ.''

''അങ്ങ്സൃഷ്ടിച്ചുവിട്ട മനസ്സുകളുടെഉത്തരവാദിത്തം അപ്പോൾഅങ്ങേക്കല്ലേ ?''

''സൃഷ്ടികർമത്തിൽ വൈവിധ്യമില്ലെങ്കിൽ എന്തിനാണ് ഭൂലോകം ? കഥാപാത്രങ്ങൾക്ക് സ്വന്തം വഴി തിരഞ്ഞെടുക്കുവാൻ അനുവാദം വേണ്ടേ ?'' രാഷ്ട്രീയക്കാരനെപ്പോലെയാണ് ദൈവം സംസാരിച്ചത്. ഭൂലോകത്തിന്റെ മർമംതന്നെവൈവിധ്യമല്ലേ ?

''പടച്ചുവിടുമ്പോൾ സൃഷ്ടിയുടെ ചെവിയിൽ പറഞ്ഞൂടെ മറ്റവനെ വിശ്വസിക്കരുതെന്ന്, അവൻ ചതിയനാണെന്ന്?''

''ഇതൊന്നും ദൈവം ഉപയോഗിക്കാൻപാടില്ലാത്തവാക്കുകളാണെന്ന്ഞാൻആദ്യമേപറഞ്ഞു.''

''എന്നാൽ ആർക്കും മാറ്റാനാവാത്ത ഒന്നിനെ പടയ്ക്കണം.'' ''എന്നെപ്പോലെ ഒന്നിനെ.''ദൈവം പെട്ടെന്നു മ്ലാനവദനനായി. മുഖം മടുപ്പു കൊണ്ട് നിറഞ്ഞു. അമർത്തി നോക്കിയാൽ ആ മടുപ്പ് എന്നിലേക്കടരും. ഞാൻ ഭീതിയോടെ എഴുന്നേറ്റു മറുവശത്തേക്കുനോക്കി. ''മനസ്സു കൊടുത്താൽ അവൻ കയറും.'' മേലങ്കിയിലെ അടർന്നുനിന്ന നൂലിൽ വിരൽചുറ്റി ചുറ്റി ദൈവം സ്വയം പിറുപിറുത്തു. ''കൊടുക്കാഞ്ഞാൽഎന്നെപ്പോലെയാവും !''

''ഭേഷ്! ഭൂമിയിലേക്ക് തിരിച്ചുപോവുകയാണ് എനിക്കുചിതം എന്ന് അല്ലേ ?'' മടുപ്പും നിരാശയും ഒതുക്കി ഞാൻ ചോദിച്ചു. ''ഞങ്ങളേക്കാൾ കഷ്ടമാണല്ലൊ ദൈവമേ, അങ്ങയുടെ സ്ഥിതി. ഞാനിതെല്ലാം ഭൂമിയിൽച്ചെന്ന്പറഞ്ഞാൽഎന്താവുംഅങ്ങയുടെ ഇമേജ്?''

''ഒരാളും വിശ്വസിക്കില്ല.''ദൈവംനിറഞ്ഞുചിരിച്ചു.

''അതാണ് ഏകആശ്വാസം.''

ചെകിടത്ത് ആഞ്ഞുവീണ അടിയിൽ അപ്പോഴാണ് ഞാൻ പെട്ടെന്ന് കണ്ണുതുറന്നത്. കണ്ണുകൾ കൂർപ്പിച്ച്, മീശപിരിച്ചുകൊണ്ട് ഒരു ചെറുപ്പക്കാരൻ ഡോക്ടർ,എന്റെകനംതൂങ്ങിയകണ്ണുകൾക്കു മുന്നിൽ ഒരു പുകമറയിലെന്നപോലെനിന്നു.''സംസാരിക്കാമോ ?'' നെറ്റിയുടെഇരുഭാഗവുംഅമർത്തിപ്പിടിച്ച്ആംഗ്യത്തിൽ ഡോകട്ർ ചോദിച്ചു.

ഞാൻ ഉവ്വെന്ന്തലയാട്ടി.അടിയുടെ ശക്തിയിൽഞാൻമുഴുവനായും ഉണർന്നുകഴിഞ്ഞിരുന്നു.

ഉടനെ എല്ലാവരോടും പുറത്തുപോകാനും മുറിയുടെ വാതിലടച്ച് തഴുതിടാനും ഡോക്ടർപയ്യൻ ആജ്ഞാപിച്ചു. ഇനി കേസ് വിസ്താരമാവും, ഞാനോർത്തു. രംഗം സജ്ജം. ഇനി വിധി പ്രസ്താവിക്കുകയേ വേണ്ടൂ.

എന്തോ, മുഷിഞ്ഞ മേലങ്കിയണിഞ്ഞ, ശിക്ഷിക്കാൻ അവകാശമില്ലാത്ത ദൈവത്തിനെയാണ് എനിക്കോർമ

വന്നത്.

''പ്രേമനൈരാശ്യമാവും കാരണം.'' കസേലഎന്റെകട്ടിലിനടുത്തേക്ക് ശബ്ദത്തോടെ വലിച്ചിട്ട ഡോക്ടർ തീതുപ്പി. ''അതോഅതിലും കവിഞ്ഞ...''

ഡോക്ടറുടെ ശബ്ദത്തിലെ പുച്ഛം എന്റെ മനസ്സിൽത്തട്ടി. ഒരു പ്രണയിതാവും എനിക്കിന്നുവരെ ഉണ്ടായിരുന്നിട്ടില്ല. സുന്ദരിയല്ലാത്തതിനാൽ ആരും തിരിഞ്ഞുനൊക്കാറുപോലുമില്ല. പക്ഷേ, അതീഡോക്ടർ ഓർമിപ്പിക്കേണ്ട കാര്യമില്ലല്ലോ. വിവരമില്ലാത്ത വക. കാശു കൊടുത്ത് ഡോക്ടറാവുന്നവരാണ് പ്രധാനമായും ഇങ്ങനെ സംസാരിക്കുക. ''കാമുകനുണ്ടാവുന്നത് കുറ്റമാണെന്നാണല്ലൊ കേട്ടാൽ തോന്നുക.'' ഞാൻ ഈർഷ്യയോടെ പറഞ്ഞു. ''ഉണ്ടെങ്കിൽത്തന്നെ അതെന്റെ വ്യക്തിപരമായ കാര്യമാണ്. നിങ്ങളതിൽ തലയിടണ്ട.''

''ആ! അതുതന്നെ കാര്യം.'' ഡോക്ടറുടെ ശബ്ദത്തിൽ പുച്ഛം ഒന്നുകൂടി കൂടി. ''കാര്യം കഴിഞ്ഞപ്പോൾഇട്ടെറിഞ്ഞുപോയിക്കാണും.''

അതെന്റെ മർമ്മത്തു കൊണ്ടു. ഇതാണ് ദൈവമുണ്ടായിട്ട് യാതൊരു കാര്യവുമില്ലെന്ന് എനിക്ക് പലപ്പോഴും തോന്നാൻകാരണം. സഭാവാസിയാവാനല്ലല്ലോ നമുക്ക് ദൈവം വേണ്ടത്.

''ഏയ്!''ഞാൻഗൗരവത്തിലാണെന്ന ഭാവത്തിൽ ചളിപ്പ് മറച്ച്പറഞ്ഞു: ''അതുംപറഞ്ഞ്ഞാൻതന്റെ പിന്നാലെവന്നിട്ടൊന്നും ഇല്ലല്ലോ.''

ഡോക്ടർഎന്നെഒരുനിമിഷംആനേഴ്സ്നൊക്കിയതുപോലെഅമ്പരപ്പോടെനോക്കി.

പോയിപണിനൊക്കെടോ,എന്റെപ്രേമമന്വേഷിക്കാതെ എന്നുപറയണമെന്നുണ്ടായിരുന്നു.

മൂന്നു നാലു ദിവസത്തെ ബോധക്ഷയത്തിനുശേഷം ഇത്രയും നേരം സംസാരിച്ചതുതന്നെ വളരെ ബുദ്ധിമുട്ടിയാണ്.കൺപോളകൾതാനെഅടയുന്നു,ദൈവംപിന്നേയുംഇടപെടുന്നു.

''ശിക്ഷയ്ക്കൊന്നും വിളിച്ചതല്ല ഞാൻ.'' ദൈവം പറഞ്ഞു: ''കുറച്ചു കൂടി അവിടെ താമസിച്ചിട്ട് വരൂ. അറ്റ്ലീസ്റ്റ്ഫോർഎചേഞ്ച്.ഇവിടേക്ക്എപ്പോഴുംവരാമല്ലോ.''

എന്റെ മനസ്സ് വല്ലാതെ ചുട്ടു. എന്നും ആകെയുള്ള ഒരാശാകേന്ദ്രമായിരുന്നു ഈ സ്ഥലം. പൊറുതിമുട്ടിയാൽ രക്ഷപ്പെടാവുന്ന, തന്നിഷ്ടപ്രകാരം കേറിവരാവുന്ന ഒരു സ്ഥലം. അതും ഇത്ര ബോറാണെന്നുവന്നാൽ...

ഒരൊഴുക്കുമില്ലാതെ തളംകെട്ടി നാറുന്ന വെള്ളത്തിലെന്നപോലെ എന്റെ മനസ്സിനു മീതെ അഴുക്കിന്റെ പാടവീണ്ടുംകെട്ടി.

''അതുപോട്ടെ,'' ഒരു കുസൃതിച്ചിരിയോടെ ദൈവമാരാഞ്ഞു: ''ഒരുമറുചോദ്യം. ഈ ധൃതികൂട്ടലിന് എന്തായിരുന്നുകാരണം?''

കടുത്ത മടുപ്പം തികഞ്ഞ ഉത്സാഹക്കുറവും ഒരു പൂപ്പൽപോലെ മനസ്സിനെ പൊതിഞ്ഞ കാലം. ആരും ഒന്നും മനസ്സിനെ തൊട്ടില്ല. ഉണർത്തിയതുമില്ല. സന്ധ്യക്ക് കോലായത്തലപ്പിൽ തുണും ചാരി ഇരിക്കുമ്പോൾ മനസ്സിനെ കുലുക്കി ഉണർത്തുന്ന എന്തിനെങ്കിലും വേണ്ടി കൊതിച്ചിട്ടുണ്ട്. ഒരു തുടക്കത്തിന് --- തുടർച്ചയ്ക്ക്. ചാരനിറമുള്ള ദിവസങ്ങൾ ഉണക്ക ഇലകളെപ്പോലെ ചുറ്റും ചിതറിയതിനു മുകളിലൂടെ കാൽ തട്ടിത്തെറിപ്പിച്ച് അലക്ഷ്യമായി നടന്ന ദിവസങ്ങൾ. മുരിങ്ങയുടെ ഇലകൾക്കിടയിലൂടെ സ്വർണത്തുട്ടുകൾപോലെചിതറിവീണനിലാവിൽഈയാത്രയ്ക്കുപുറപ്പെടുമ്പോൾ മനസ്സ്ശുദ്ധശൂന്യമായിരുന്നു. ദൈവംഎങ്ങനെയിരിക്കുംഎന്ന്മനസ്സ്കുതുഹലം കൊണ്ടതും യാത്രയുടെഅങ്ങേഅറ്റത്ത്ദൈവം കൈനീട്ടി തന്നെ സ്വാഗതം ചെയ്യുന്നതും മടുപ്പകറ്റാൻ ക്രോസ് വേഡ് കളിക്കുന്നതുപോലെ തിരിച്ചും മറിച്ചും ഇട്ടുനോക്കിയിട്ടുണ്ട്അന്ന്.

തിളങ്ങുന്ന മേലങ്കിയും തിളങ്ങുന്ന പരിഹാരങ്ങളുമായി തന്റെ മുന്നിലെത്തുമെന്ന് പ്രതീക്ഷിച്ച ദൈവം പക്ഷേ,അന്നുംവന്നില്ല.

പതിവുപോലെതന്നെ.

ഒരു തുണ്ടു മരവിപ്പുപോലെ മുന്നിൽ അനക്കമറ്റുകിടന്ന വഴിയുടെ അങ്ങേ അറ്റത്ത് പ്രത്യക്ഷപ്പെട്ടത് ക്ലീനായി താടിവടിച്ച, ഉലയാത്ത ടെറിലിൻഷർട്ടുംമിന്നുഷൂസും ധരിച്ചസെന്റുപൂശിയമനോരോഗവിദഗ്ധനായിരുന്നു.

ഒരു പ്രകോപനവുമില്ലാതെ, നിലാവും സുഗന്ധവും നിറഞ്ഞ രാത്രിയിൽ മോഹത്തോടെ ദൈവത്തെ അന്വേഷിച്ച്ഞാൻസ്വർഗത്തിലേക്ക്യാത്രയായത്അദ്ദേഹത്തിന് ഒട്ടും രുചിച്ചില്ല.

അദ്ദേഹത്തിന് കാരണങ്ങളിൽ, യുക്തിയിൽ അത്യധികം വിശ്വാസമായിരുന്നു. വടിവൊത്ത കാരണങ്ങളില്ലാത്തവയിൽതികഞ്ഞഅവിശ്വാസവും.

''ആത്മഹത്യാശ്രമത്തിന്റെ കാരണം ?'' കസേലയിൽ മുന്നോട്ടാഞ്ഞിരുന്ന് ഒരു ചെറിയ സ്ക്രൂഡ്രൈവർകൊണ്ട്എന്റെകാൽമുട്ടിൽ തട്ടിവിദഗ്ധൻ ചോദിച്ചു. ''എന്തിനും ഒരുകാരണംവേണമല്ലേ.''

''എന്താണ് സാധാരണ എല്ലാവരും പറയുന്ന ഉത്തരം ?'' ഞാൻ അലക്ഷ്യമായി ചോദിച്ചു. ''അതു ഞാനുംപറയാം.''

വിദഗ്ധൻകണ്ണിലേക്കുറ്റുനോക്കി.എനിക്ക്കണ്ണുകൾവേദനിക്കുന്നുഎന്നുതോന്നി.

''സാരല്യ.'' രക്ഷിതാവിനെ നോക്കി വിദഗ്ധൻചിരിച്ചു: 'പ്രായത്തിന്റെ ധിക്കാരമാണ്. മരുന്നുകഴിച്ചാൽ ഭേദമാക്കാവുന്നതേയുള്ളൂ.''

ഒരു നിമിഷത്തെ കണ്ണടച്ചിരുന്നാലോചനയ്ക്കുശേഷം അദ്ദേഹം ഖിന്നനായിരിക്കുന്ന രക്ഷിതാവിനെ തട്ടിവിളിച്ചു. ''പെൺകുട്ടിയല്ലേ.വിവാഹവും നല്ല മരുന്നാണ്.''

ഓഹോ !'' ഉറക്കെ, ആവശയത്തിലധികം ഉറക്കെ ഞാൻ ചിരിച്ചു. പിടയാൻപോലും ഇടംകൊടുക്കരുതെന്നർത്ഥം.കൂച്ചുചങ്ങലതയ്യാർ!

''മടുപ്പാണ്കാരണം''ഒരുക്ഷമാപണവും തിരുത്തലുമെന്നപോലെഞാൻധൃതിയിൽപറഞ്ഞു.

''മടുപ്പോ ! അതൊരവസ്ഥയാവാം. പക്ഷേ, കാരണമാകാൻ വയ്യ. ഇന്നുവരെയുള്ള രേഖകളിൽ ഇത്തരമൊരുകാരണംആത്മഹത്യക്ക്പ്രേരകമായിപറഞ്ഞിട്ടില്ല.''

ഞാൻഅന്തംവിട്ടു പോയി. ''പക്ഷേ, അതാണ്സത്യം.''ഞാൻചീറി. ''എനിക്കു തോന്നുന്ന സാധനത്തിന് മടുപ്പ്എന്നല്ലാതെ മറ്റൊരുവാക്ക്എനിക്കറിയില്ല.''

ഇടയ്ക്കിടയ്ക്ക് സ്വപ്നങ്ങൾകാണാറുണ്ട് അല്ലേ ?''വിദഗ്ധനാണ്.

''ധാരാളം.''ഞാൻപറഞ്ഞു.''എല്ലാവരുംകാണാറില്ലേ ?നിങ്ങളും ?''

പാമ്പിനെ ?''

''ഇല്ല.'' പോക്ക് എങ്ങോട്ടാണെന്ന് വ്യക്തമായതിനാൽ ഞാൻ സഗൗരവം പറഞ്ഞു. എന്നാൽ പല്ലി, പൂച്ച, ഈച്ച എന്നിവ എന്നെ തിന്നാൻ വരുന്നു എന്നും തീമഴ പെയ്യുന്നു എന്നും ഡോക്ടറുടെ ഉടുപ്പിട്ട ജീവികൾ തലകീഴായി നടക്കുന്നു എന്നും  ആണ് സാധാരണ സ്വപനം കാണാറ്. ഫ്രോയിഡിന്റെ പുസ്തകങ്ങൾ ദിനോസറുകൾവിഴുങ്ങുന്നുഎന്നുംകാണാറുണ്ട്.''

''ഗുഡ്', സംഗതി അതുതന്നെ.'' ഡോക്ടർ ആലോചനാമഗ്നനായി. ''മരുന്നു കഴിച്ച് ഭേദമാക്കാവുന്നതേയുള്ളൂ.നമുക്ക്സ്വപ്നങ്ങളില്ലാതെയാക്കാം.

നെഞ്ഞത്തുകൈവെച്ചപോയി. മടുപ്പിൽനിന്നുള്ളഏകരക്ഷഉറക്കവുംസ്വപ്നങ്ങളുംമാത്രമാണ്.

''ഉറക്കം കുറവായിരിക്കും അല്ലേ ? വീണ്ടും വിദഗ്ധൻ. ഒരു നിമിഷം മനസ്സ് പിടിച്ചപടിനിന്നു. പക്ഷേ, ഉറക്കഗുളികകിട്ടാൻനുണപറയുകയേവഴിയുള്ളൂ.

''അതെ.'' നെറ്റി തടവി ഉറക്കച്ചടവുംക്ഷീണവുംഅഭിനയിച്ച്ഞാൻപറഞ്ഞു: ''ഉറക്കമില്ലഎന്നുതന്നെ പറയാം.''

''ഗുഡ്.''മനോരോഗമാണെന്നതിന്  മറ്റൊരു തെളിവു കൂടി കിട്ടിയ സന്തോഷത്തിൽ അദ്ദേഹം രക്ഷിതാവിനെ നോക്കി.

''ലക്ഷണങ്ങൾഎല്ലാംശരി.പേടിക്കേണ്ട.നമുക്ക്ഉറക്കംവരുത്താം.''

ഉറക്കഗുളികകൾ ജീവിതത്തിലെത്തിപ്പെടുന്നത്അന്നുമുതലായിരുന്നു.

''പല പല ശബ്ദങ്ങൾ കേൾക്കുന്നു എന്നു തോന്നാറുണ്ടോ ?'' കണ്ണട മുഖത്തുനിന്നൂരി മുന്നോട്ടൊന്നുകൂടിആഞ്ഞിരുന്ന്വിദഗ്ധൻഎന്നെഉറ്റുനോക്കി.

''തോന്നലല്ല.പലശബ്ദങ്ങളുംഞാൻകേൾക്കാറുണ്ട്.  എനിക്ക്ചെവിക്ക്യാതൊരുകേടുമില്ല.''

''ആരെയെങ്കിലും ഉപദ്രവിക്കണം എന്നു തോന്നാറുണ്ടോ ?''

''ധാരാളം.''ഞാൻശാന്തയായിപറഞ്ഞു:''താങ്കൾക്ക് തോന്നാറില്ലേ ?

വിദഗ്ധൻ എന്റെ പിന്നിലേക്ക് നോക്കി. രണ്ട് അതികായന്മാർ എന്റെ തൊട്ടുപിന്നിൽ നിന്നിരുന്നു. അവർ ഒന്നുകൂടിഎന്റെഅടുത്തേക്ക്നീങ്ങി.

ഒരാൾക്ക് വെളുത്തുള്ളിയുടെയും മറ്റേആൾക്ക്പുളിച്ചമോരിന്റെയും മണംകുത്തുന്നനാറ്റം.

ഞാൻപതുക്കെഎഴുന്നേറ്റു. എന്റെ മുഖത്തെഭാവമാറ്റംവിദഗ്ധൻശ്രദ്ധിച്ചിരിക്കണം.

''പതിവാണ്.'' വിദഗ്ധൻ രക്ഷിതാവ് കേൾക്കെ പറഞ്ഞു: ''കാരണമില്ലാതെ അക്രമാസക്തരാവുന്നത് സുഖക്കേടിന്റെ മറ്റൊരുലക്ഷണമാണ്.അവളെപിടിച്ചേക്കൂ.''

ചെറിയ മുറിയാണെന്നതു മറന്ന് അതികായന്മാരുടെ ഇടയിലൂടെ ജീവനുംകൊണ്ട് ഞാൻ പുറത്തേക്കൊടാൻശ്രമിച്ചത്അപ്പോഴാണ്.

ഇൻജക്ഷന്റെ മയക്കത്തിൽനിന്നും നരച്ചചുമരുകൾക്കു നടുവിൽ പിന്നെ ഞാനുണരുമ്പോൾ ചുറ്റും മങ്ങിയഇരുട്ടായിരുന്നു.നിറഞ്ഞനിശ്ശബ്ദതയും.

സ്വർഗം ഇതാണോ എന്ന്ഒരുനിമിഷംഞാൻശങ്കിച്ചതോർമയുണ്ട്. എങ്കിൽഎവിടെ ദൈവം ?
ആ ചെറിയ മുറി എന്റെ വീട്ടിലെ ചായ്പായിരുന്നു എന്ന് പിന്നെയാണ് മനസ്സിലായത്.  അക്രമാസക്തിക്കും അലംഭാവത്തിനും കടിഞ്ഞാണിടുന്ന എപ്പോഴും അടഞ്ഞവാതിൽ. പിടഞ്ഞുപോയ മനസ്സിനുമുമകളിൽ ചാര നിറമുള്ള ദിവസങ്ങൾ ഉണക്ക ഇലകളെപ്പോലെ വീണ്ടും പാറി. ചുമരിലും തട്ടിലും നിറഞ്ഞു. അടഞ്ഞവാതിലിന്റെ ഓടാമ്പലിലും പൂട്ടുതുളയിലും ഒക്കെ ഉണക്ക ഇലകൾ. ജനൽക്കഴികൾക്കപ്പുറത്ത് ഒരു

കാവൽക്കാരനെപ്പോലെ ലോകം.എനിക്കൊന്നുംപറയാനില്ലാത്ത ലോകം.

ഉണർച്ചയുടെ പിടച്ചിലുകൾ തന്നത് അസ്വാസ്ഥ്യം മാത്രമായിരുന്നു. അർത്ഥവും ആവശ്യവുമില്ലാത്ത അസ്വാസ്ഥ്യം.

കാരണമാകാൻ കെല്പില്ലാത്തഅസ്വാസ്ഥ്യം.

ദൈവവുമായുള്ള ഒരുകൂടിക്കാഴ്ചയ്ക്ക്വീണ്ടും കൊതിപൂണ്ടത്അപ്പോഴെപ്പോഴോആയിരിക്കണം.

''നിങ്ങൾക്കിങ്ങനെ ഓരോന്ന് കാണിച്ച് ഇങ്ങോട്ട് വന്നാൽ മതി.'' മീശക്കാരൻ ഡോക്ടർ പയ്യന്റെ ചെറുപ്പമേറിയ മുഖത്ത് തിരക്കും അരിശവും കുമിഞ്ഞു. ''മരിക്കേണ്ടാത്തവരെ രക്ഷിക്കാൻ തന്നെ ഞങ്ങൾക്കിവിടെസമയമില്ല.''

''ചെയ്യരുതാത്തതാണ് നിങ്ങൾ രണ്ടുതവണയുംചെയ്യത്.'' സ്റ്റെതസ്കോപ്പ് കഴുത്തിലിട്ട് കെറുവോടെ ഇരിക്കുന്ന ഡോക്ടറെകണ്ടപ്പോൾഎന്റെചളിപ്പ്ഒന്നുകൂടികൂടി.''എന്നെ രക്ഷിക്കാൻഞാൻപറഞ്ഞില്ല. ഇനി അതിനൊരുനന്ദിപ്രകടനവും വേണോ?''

''കുറ്റം ചെയ്യതും പോരാ.'' ഡോക്ടർ ചൊടിച്ചു. ''പുറമെഡംഭും?''ഇത്തരംകാരുണ്യപ്രകടനങ്ങളാണ് ഒട്ടും സഹിക്കാത്തത്. ഇനി ദൈവത്തെ നേരിട്ടു കാണുമ്പോൾ ഇത്തരം കഥാപാത്രങ്ങളെക്കുറിച്ച് പറയണം. അദ്ദേഹത്തിനെങ്കിലും ഒരുവൈവിധ്യമാവും.

''കുറ്റമോ ! ഇത്തവണഉറക്കഗുളികകൾസംഘടിപ്പിച്ചത്എന്റെമിടുക്കാണ്.''

''എല്ലാവരേയും കബളിപ്പിച്ച് എങ്ങനെയാണ്ഉറക്ക...''

''നോ ഹൗ ചോദിക്കുന്നത് വെറുതെയാണ് ഡോക്ടർ. ഞാൻ പറയില്ല. ചെറുപ്പമായാലും ഡോക്ടറായാലും മര്യാദവേണം.''

ഇത്തരം ഉത്തരങ്ങൾ നിങ്ങളെ എത്തിക്കുക ജയിലിലാണ്. ഈ പേനകൊണ്ട് ഒറ്റ വരമതി നിങ്ങൾ അകത്താവാൻ.''

''ശരിക്കുംഅതാണ്നിങ്ങളുടെയും എന്റെയും ട്രാജഡി.''

''ആത്മഹത്യാശ്രമംകുറ്റമാണ്.''

''കാരണം ?''

''നിങ്ങളുടെ ജീവൻ.''

ഒന്നു പോടോ മനുഷ്യാ.കുറ്റം മുഴുമിക്കാനാവാത്തതിനല്ലേശിക്ഷ ?''

''നിങ്ങൾക്ക് ശരിക്കും മരിക്കണമായിരുന്നോ ?'' ഡോക്ടർ അത്ഭുതത്തോടെഎന്നെനോക്കി. ''ഇപ്പോഴും ?''

''എന്താസഹായിക്കാൻപ്ലാനുണ്ടോ ?''

''സത്യത്തിൽ ഡോക്ടർ, ദൈവത്തെ കാണുന്നവരെ എനിക്ക് മോഹമുണ്ടായിരുന്നു. സ്വർഗത്തിൽ അദ്ദേഹത്തിനും വളരെ മടുപ്പാണത്രെ. നമ്മമാത്രം, ദൈവമായാലും എത്ര കാണും. ഒരു കിക്ക് ഇല്ല എന്നാണ് പറയുന്നത്. മാത്രമല്ല എപ്പോഴും തന്നിഷ്ടപ്രകാരം ചെല്ലാം എന്നതുകൊണ്ട് ലോകത്തിലെ വൈവിധ്യം വേണ്ടത്ര ആസ്വദിച്ചതിനു ശേഷം പോരെ എന്നാണ് അദ്ദേഹം ചോദിക്കുന്നത്. എന്തെങ്കിലും ചെയ്യാൻ ഇവിടെയേ ഒരുചാൻസുള്ളുവത്രെ.''

ഡോക്ടർ, ചെറുപ്പക്കാരനായ ഡോക്ടർ എന്നെ കുറച്ചുനേരം കഥാഭാക്ഷയിൽ പറഞ്ഞാൽ തറച്ചുനോക്കി.

പിന്നെസൗമ്യമായിഎന്റെകൈതലോടി.

''സാരമില്ല്യ. എല്ലാവർക്കും ഉണ്ടാവുന്നതാണതൊക്കെ.'' അദ്ദേഹം പറഞ്ഞു. ''നിങ്ങൾ മനോരോഗത്തിന്റെപിടിയിലാണെന്ന്ഞാൻസർട്ടിഫൈചെയ്യുന്നു.സത്യവും അതാണല്ലോ. നിങ്ങൾക്കപ്പോൾ ജയിലിൽ പോകേണ്ടിവരില്ല.''

''നന്ദി. ദാറ്റ്സ് ലൈക്ക് എ ഡോക്ടർ ! ജയിൽ എന്തായാലും പരമബോറാണ്. മനോരോഗ വിദഗ്ധനെക്കൂടി ഒന്നൊഴിവാക്കി...'' പുഴുക്കുത്തുകൾ നിറഞ്ഞ ഫാനിനു മുകളിൽ മുഷിഞ്ഞ മേലങ്കിയുടെ അറ്റം ഞാൻകണ്ടു.

ദൈവം വിജയാഹ്ലാദത്തോടെ എത്തിനോക്കുന്നു. വിവരമറിയാൻ, വ്യത്യസ്തമായ കഥകൾ കേൾക്കാൻ ദൈവംക്ഷമയോടെകാത്തിരിക്കുന്നു.